**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **377** **04.06.2018**- ൽ മറുപടിയ്ക്ക്

## മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും

ചോദ്യം

മറുപടി

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും, ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമം 2007-ലെ സെക്ഷൻ 32(2)A യിലെ നിർദ്ദേശാനുസരണം 28.08.2009-ലെ സ.ഉ.(പി) നം.38/2009/ സാ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം ചട്ടങ്ങൾ രൂപീകരിച്ച് പ്രസ്തുതനിയമം സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്നവർ നൽകുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിലും കേസുകൾ തീർപ്പാക്കുന്നതിലും അസാധാരണമായ കാലതാമസം ഉണ്ടാക്കുന്നതായ | (സി) | മക്കൾ സംരക്ഷിക്കാത്ത മാതാപിതാക്കൾ നൽകുന്ന പരാതികളിൽ അസാധാരണമാം വിധം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിൽ ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | ആക്ഷേപം ശ്രദ്ധയിൽപ്പെ-ട്ടിട്ടുണ്ടോ; എങ്കിൽ പരാതികൾ അതിവേഗം പരിഗണിച്ച് തീർപ്പാക്കുന്നതിന് ആർ.ഡി.ഒ.മാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുമോ? | | പരാതികൾ അതിവേഗം പരിഗണിക്കുന്നതിനും അന്വേഷണ നടപടികൾ വേഗത്തിലാക്കി പരാതികളിൽ തീർപ്പ കൽപ്പിക്ക-ന്നതിനും സംസ്ഥാനത്തെ 21 മെയിന്റനൻസ് ട്രൈബ്യൂണല്യ-കളില്യം സബ് കളക്ടർ/ റവന്യൂ ഡിവിഷണൽ ഓഫീസർമാരെ സഹായിക്കുന്നതിന് ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. അവരുടെ പ്രവർത്തനം പരാതികളിൽ വേഗത്തിൽ തീർപ്പ കല്പിക്കുന്നതിന് സഹായകരമാണ്. |

**സെക്ഷൻ ഓഫീസർ**